# അക്കാദമിക് മാസ്റ്റർപ്ലാൻ

# GWLPS

## പാങ്ങോട്



പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്
ഗവ: വെൽഫെയർ എൽ.പി.എസ് & പ്രീ-പ്രൈമറി സ്കൂൾ
കൊട്ടാരക്കര വിദ്യാഭ്യാസജില്ല
കൊട്ടാരക്കര ഉപജില്ല
കൊല്ലം ജില്ല
GWLPS
vivo Y56 5G
Jun 2, 2025, 10:24

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിതം
4. വിദ്യാലയം - മികവിന്റെ കേന്ദ്രം ഒരു കാഴ്ചപ്പാട്
5. നിലവിലെ അവസ്ഥ വിശകലനം
6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ(ഒറ്റ നോട്ടത്തിൽ)
7. പദ്ധതി വിശദാംശങ്ങൾ
8. മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം,ചുമതല,
9. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | – | ഗവ. വെൽഫെയർ എൽ.പി.എസ്. പാങ്ങോട് |
| വിലാസം | – | കാരിക്കൽ,കരിമ്പിൻപുഴ(പി.ഒ), കൊല്ലം(ജില്ല),പിൻ – 691507 |
| ഫോൺ | – | 0474– 2417380 |
| 2. സ്കൂൾ കോഡ് | – | 39224 |
| 3. വിദ്യാഭ്യാസ ഉപജില്ല | – | കൊട്ടാരക്കര |
| 4. വിദ്യഭ്യാസ ജില്ല | – | കൊട്ടാരക്കര |
| 5. റവന്യൂ ജില്ല | – | കൊല്ലം. |
| 6. ബി.ആർ.സി | – | കൊട്ടാരക്കര |
| 7. സി.ആർ.സി | – | പവിത്രേശ്വരം |
| 8. ഗ്രാമപഞ്ചായത്ത് | – | പവിത്രേശ്വരം 11–ാം വാർഡ് |
| 9. ബ്ലോക്ക് പഞ്ചായത്ത് | – | വെട്ടിക്കവല |
| 10. ജില്ലാപഞ്ചായത്ത് | – | കൊല്ലം |
| 11. നിയമസഭാമണ്ഡലം | – | കുന്നത്തൂർ |
| 12. താലൂക്ക് | – | കൊട്ടാരക്കര |
| 13. ലോകസഭാമണ്ഡലം | – | മാവേലിക്കര |
| 14. വില്ലേജ് | – | പവിത്രേശ്വരം |
| 15. ഇ – മെയിൽ | – | gwlpspangode@gmail.com |
| 16. വെബ്സൈറ്റ് | – | Nill |

# ആമുഖം

1952.ൽ സ്ഥാപിതമായ ഈ സ്കൂൾ പാങ്ങോട്ടും പരിസരപ്രദേശങ്ങളിലും ഉള്ള ആളുകൾക്ക് വിജ്ഞാനത്തിന്റെയും അക്ഷരത്തിന്റെയും വെളിച്ചം പകർന്നു നൽകുന്നു.

ആർ.ശങ്കറിന്റെ ജൻമനാടായ ഈ പ്രദേശത്തിന്റെ സാമൂഹികസാംസ്കാരിക ഉയർച്ചയുടെ സിരാകേന്ദ്രമായി ആ വിദ്യാലയം നിലകൊള്ളുന്നു.ഈ സ്കൂളിനടുത്തായി ഒരു പോസ്റ്റോഫീസ്,വായനശാല, യു.പി.എസ്. എച്ച്. എസ്.,എച്ച്.എസ്.എസ്., എസ്.എൻ.ആയുർവേദ മെഡിക്കൽ കോളേജ്,പഞ്ചായത്ത് ഓഫീസ്,3 ക്ഷേത്ര ങ്ങൾ, ഒരു കശുവണ്ടി ഫാക്ടറി എന്നിവ സ്ഥിതി ചെയ്യുന്നു.

ഈ സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യഭ്യാസം നേടിയ പല ആളുകളും ഇന്ന് സമൂഹത്തിന്റെ പല ഭാഗങ്ങളിലും ഉന്നതസ്ഥാനം വഹിക്കുന്നുണ്ട്.പവിത്രേശ്വരം പഞ്ചായത്തിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളുള്ള ഒരു സർക്കാർ സ്കൂൾ ആയിരുന്നു ഇത്. എന്നാൽ ഇപ്പോഴത്തെ അവസ്ഥ അത്ര മെച്ചപ്പെട്ടതല്ല.

പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാലയ വികസന സമിതി നല്ലവരായ നാട്ടുകാർ എന്നിവരുടെ സഹായത്താൽ ഭൗതികസൗകര്യങ്ങളിലും അക്കാദമിക മികവുകളുടെ കാര്യത്തിലും ഏറെമുന്നോട്ടു പോകാൻ ഈ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്. അടുത്തകാലത്തായി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**ലക്ഷ്യങ്ങൾ**

- മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണ ത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക.
- പ്രീപ്രൈമറി മുതൽ 5–ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന കല ണ്ടറും രൂപപ്പെടുത്തൽ.
- അധ്യാപനവും അധ്യായനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപ കരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയത്തിന്റെ ലഘു ചരിത്രം

1952–ൽ ആണ് സർക്കാർ അംഗീകാരത്തോടെ ഈ സ്കൂൾ സ്ഥാപിത മായത്. അതിനുമുമ്പ് ഈ സ്ഥലത്ത് സിദ്ധനർ സർവ്വീസ് സൊസൈറ്റി പ്രവർത്ത കർ കുഴിക്കൽ സ്ഥനപതിമാരുടെ അനുവാദത്തോടെ ഒരു സ്വകാര്യ പ്രൈമറി സ്കൂൾ നടത്തി വന്നു. പിന്നീട് ഈ സ്ഥാപനം സർക്കാർ ഏറ്റെടുത്ത് പൊതു വിദ്യാലയമാക്കുകയായിരുന്നു. തിരുവിതാംകൂർ രാജഭരണം നിലനിന്നിരുന്നപ്പോൾ കുഴികൽ സ്ഥാനപതിമാരായ ജന്മിമാർ കുഴിക്കലിടവക ഗ്രാമോദ്ധാരണസഭ'' എന്ന നാമധേയത്തിൽ ഒരു സംഘടന രൂപീകരിച്ചു. അവ അക്കാലത്ത് ഈ പ്രദേശത്തെ സിദ്ധനർ സമുദായത്തിലെ കുടുംബമൂപ്പന്മാരെ ഗ്രാമോദ്ധാരണസഭയിൽ വിളിച്ചു വരുത്തി ഹരിജൻ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യപരിപാലനത്തിനു മായി അവരുടെ ചുമതലയിൽ ഒരു വിദ്യാലയം തുടങ്ങണം എന്ന് നിർദ്ദേശിച്ചു. വിദ്യാലയത്തിനാവശ്യമായ സ്ഥലവും കെട്ടിടം നിർമ്മിക്കാനുള്ള സാധന സാമഗ്രികളും കുഴിക്കൽ സ്ഥാനപതിമാർ നല്കണമെന്ന് അറിയിച്ചു. ആ നിർദ്ദേശം അംഗീകരിച്ച സിദ്ധനർ സമുദായ അംഗങ്ങൾ വെട്ടുകല്ലും കൽത്തൂണുകളും തെങ്ങ്, ആഞ്ഞിലി, ഓല ഇവ ഉപയോഗിച്ച് ഉണ്ടാക്കിയ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തനം 1943–ൽ ആരംഭിച്ചു. ആദ്യഘട്ടത്തിൽ ഗ്രാമോദ്ധാരണ സഭയുടെ ചുമതലയിൽ അധ്യാപകരെ നിയമിച്ചും സാമ്പത്തികസഹായം നല്കിയും നിലനിർത്തി.

തുടർന്ന് ഈ സ്കൂൾ നടത്തിക്കൊണ്ടുപോകാനുള്ള സാമ്പത്തികബുദ്ധിമുട്ടു കാരണം കുഴിക്കൽ ജന്മിമാർ സ്കൂളും സ്ഥലവും സർക്കാരിന് സറണ്ടർ ചെയ്ത് നല്കി. ഹരിജൻ സ്കൂളുമായി പ്രവർത്തനം ആരംഭിച്ചെങ്കിലും പിൽക്കാലത്ത് നാട്ടുകാർ എല്ലാജാതിയില്പെട്ട കുട്ടികളേയും ഇവിടെ ചേർത്തു പഠിപ്പിച്ചുവന്നു. അങ്ങനെ ഈ സ്കൂൾ പാങ്ങോട് ഗവ. വെൽഫയർ എൽ.പി സ്കൂളായി ആയി മാറി.

പുതുതായി സ്കൂൾ കെട്ടിടം പണിയാനായി 1954-ൽ ഈ സ്കൂൾ താഴം എൻ.എസ്.എസ്. കരയോഗമന്ദിരത്തിലേക്ക് പ്രവർത്തനം മാറ്റി. തുടർന്ന് 1963-ൽ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. എന്നാൽ സമയാസമയങ്ങളിൽ അറ്റകുറ്റപണി നടക്കാതെ വന്നതും സ്ഥലപരിമിതി സ്കൂളിനെ പലപ്പോഴും പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

ത്രിതലപഞ്ചായത്തുകളിൽ നിന്നും പലസഹായങ്ങളും പിന്നീട് കിട്ടി. 1993 -94-ൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്താൽ നിർമ്മിച്ച പാചകപ്പുര , 2017-18 കാലയളവിൽ പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് നവീകരിച്ചു. കേന്ദ്രസർക്കാറിന്റെ പ്രത്യേകകുടിവെള്ള പദ്ധതിപ്രകാരം 1995-ൽ സ്കൂൾ കിണർ നവീകരിക്കപ്പെട്ടു. 1998-ൽ പഞ്ചായത്തിന്റെ സാമ്പത്തികസഹായത്താൽ സ്കൂൾ കെട്ടിടം സംരക്ഷിക്കപ്പെട്ടു. കൂടാതെ ഫർണിച്ചറുകൾ, ലൈബ്രറിബുക്കുകൾ, അലമാരകൾ, ടി.വി.സെറ്റുകൾ എന്നിവ സ്കൂളിൽ ലഭ്യമായി. 1999-ൽ ബഹു, എം.പി. പ്രേമചന്ദ്രൻ സ്കൂളിന് ചുറ്റുമതിൽ നിർമ്മിച്ചുനല്കി. 1999-2000, 2000-2001 എന്നീ വർഷങ്ങളിലായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ഫണ്ടുപയോഗിച്ച് സ്കൂളിന്റെ പിൻ ഭാഗത്ത് പുതിയ കെട്ടിടം ഉണ്ടാക്കി.

സ്കൂളിന്റെ വികസനപ്രവർത്തനങ്ങൾക്കായി പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റേയും എസ്.എസ്.എ.യുടേയും കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. ഇതിനെല്ലാം പുറമേ കോവൂർ കുഞ്ഞുമോൻ എം.എൽ.എ. യുടെ ഫണ്ടിൽ നിന്നും സ്കൂൾ ബസ് അനുവദിച്ചുതന്നത് സ്കൂളിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ ഉപകരിച്ചിരുന്നു എന്നാൽ ഇന്ന് മതിയായ ഫണ്ട് ഇല്ലാത്തതിനാൽ സ്കൂൾ ബസ് ഓടിക്കാൻ പറ്റാത്ത അവസ്ഥയിലാണ്.

## വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്

1. "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെ സാക്ഷാൽക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ്യപാഠനാനുബന്ധപ്രവർത്തനങ്ങളിൽ സജീവതാല്പ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ.
5. ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
6. പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## നിലവിലെ അവസ്ഥാവിശകലനം

### എ. ഭൗതിക നേട്ടങ്ങൾ

ഗ്രാമപഞ്ചായത്തുവക 3 ക്ലാസ്മുറികളുള്ള ഒരു കെട്ടിടമുണ്ട്, ഈ കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ ഉണ്ട്. എം.എൽ.എ.ഫണ്ടിൽ നിന്ന് വാഹനം കിട്ടിയിട്ടുണ്ട്. റോട്ടറിക്ലബ്ബിന്റെ വകയായി കിട്ടിയ വാട്ടർപ്യൂരിഫയർ ഉണ്ട്. പാചകവാതക കണക്ഷൻ ഉണ്ട്, പഞ്ചായത്തിന്റെ വകയായി പഴയ അടുക്കളയുടെ തറ ടൈൽസ് ഇടുകയും മുകളിൽ ഷീറ്റിട്ട് നവീകരിക്കുകയും ചെയ്തു. കൈറ്റിൽ നിന്ന് രണ്ട് ലാപ്ടോപ്പും ഒരു പ്രോജക്റ്ററും സ്കാനറും ലഭിച്ചിട്ടുണ്ട്.

### ബി. പരിമിതികൾ

ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. എം.എൽ.എ. ഫണ്ടിൽ നിന്നും ലഭിച്ച വാഹനം മതിയായ ഫണ്ടില്ലാത്തതിനാൽ ഓടിക്കാൻ പറ്റാതെ കിടക്കുന്നു. വണ്ടിയുടെ ഇൻഷ്വറൻസിനും ടാക്സിനും മതിയായ ഫണ്ടില്ലാത്തതിനാലാണ്. പുറകുവശത്തെ ചുറ്റുമതിലിന് മതിയായ ഉയരമില്ലാത്തതിനാൽ നായ ശല്യം വർദ്ധിച്ചുവരുന്നു.

### സി. അക്കാദമിക നേട്ടങ്ങൾ

ഇവിടെ പഠനം കഴിഞ്ഞുപോയ മിടുക്കരായ കുട്ടികൾക്ക് നവോദയ, സൈനിക സ്കൂൾ എന്നിവിടങ്ങളിൽ പ്രവേശനം നേടിയിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ ഈ സ്കൂളിൽ മറ്റ് പല കുട്ടികൾക്കും എൽ.എസ്.എസ്., ശാസ്ത്രമേള, ഗണിതമേള, പ്രവൃത്തിമേള, കലാമേള എന്നീ മേഖലകളിലെല്ലാം മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

### ഡി) അക്കാദമികം - പരിമിതികൾ

വിവിധ മത്സരപ്പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരണം, ലബോറട്ടറികൾ, ആധുനികവല്ക്കരിക്കണം, ക്ലാസ് ലൈബ്രറികൾ രൂപീകരിച്ചിട്ടില്ല.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

(ഒറ്റനോട്ടത്തിൽ)

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം | • ചുറ്റുമതിൽ | • വിദ്യാലയവിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ |
| • ഗണിതശേഷി വികസനം | • കളിസ്ഥലം | • പഠനക്കൂട്ടം |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • ചിൽഡ്രൻസ് പാർക്ക് | • പ്രാദേശിക പി.റ്റി.എ. |
| • ശാസ്ത്രപോഷണപരിപാടി | • ക്ലാസ് മുറികൾ | • ഭവനസന്ദർശനം |
| • വായനാപരിപോഷണം | • ഓഫീസ് മുറി | • വിദ്യാലയവികസന സമിതി |
| • ലൈബ്രറി ശാക്തീകരണം | • സ്റ്റാഫ് മുറി | • പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • ലബോറട്ടി ആധുനികവല്ക്കരിക്കൽ | • വിശ്രമമുറി | • ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ സന്നദ്ധസംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായഗ്രൂപ്പുകൾ, എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| • വിവിധ കലാരൂപങ്ങളുടെ ആവിഷ്കാരം | • കമ്പ്യൂട്ടർ റൂം ലൈബ്രറി | • ക്ലാസ് പി.ടി.എ. മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| • സാഹിത്യപോഷണ പരിപാടികൾ | • അസംബ്ലിഹാൾ | • വിദ്യാലയമികവുകൾ |
| • പഠനയാത്രക്കൾ | • കുടിവെള്ള വിതരണം | |
| • കലാ-കായികമേള | • മാലിന്യസംസ്കരണം | |
| • ഐടി പരിശീലനം | • ടോയ്‌ലറ്റ് | |
| • അധ്യാപകശാക്തീകരണ പരിപാടികൾ | • ലബോറട്ടറി | |
| • ക്ലാസ് പി.ടി.എ. സജീവമാക്കൽ | • ചിത്രരചന | |
| • പ്രവർത്തിപരിചയപഠനം | • എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം | |
| • ഒന്നാംക്ലാസ് ഒന്നാം തരം | • ഭാഷോത്സവം | |
| • എസ്.ആർ.ജി.ശാക്തീകരണം | • ഗണിതോത്സവം, | |
| • ശാസ്ത്രാഭിരുചി വളർത്തൽ | | |
| • അഭിമുഖങ്ങൾ | | |
| • പോഷകാഹാരപരിപാടി | | |
| • ഗണിതലാബ് | | |
| • ഗണിതാന്തരീക്ഷമൊരുക്കൽ | | |

പ്രവർത്തനത്തിന്റെ പേര് : മേളകൾ

മേഖല/ ഉപമേഖല : അക്കാദമികം,ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്നു മനസ്സിലാക്കുക. | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | ഇല്ല |

പ്രവർത്തനത്തിന്റെ പേര് : സാമൂഹിക ശാസ്ത്ര ലാബ്

മേഖല /ഉപമേഖല : അക്കാദമികം, സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കുടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ് | ഇല്ല |

പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ

മേഖല/ ഉപമേഖല : അക്കാദമികം, സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | 1 പ്രാവശ്യം | പി ടി എ എച്ച് എം | ഇല്ല |

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണപരിപാടി**

**മേഖല /ഉപമേഖല: അക്കാദമികം, ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബ് നവീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ ഇനം തിരിച്ച് ക്രമീകരിക്കൽ, ഇരിപ്പിടങ്ങൾസജ്ജമാക്കൽ | വർഷത്തിലൊരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | ഇല്ല |

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ**

**മേഖല /ഉപമേഖല: അക്കാദമികം, ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ്, പി.റ്റി.എ | ഇല്ല |

പ്രവർത്തനത്തിന്റെ പേര് : ഗണിതലാബ് സജ്ജീകരിക്കൽ

**മേഖല /ഉപമേഖല: അക്കാദമികം, ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തന ങ്ങൾ സുഗമ മാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജീകരിക്കൽ, ലാബിൽ വച്ച്ഗണിതക്ലാസ് നടത്തൽ | ആവശ്യാ നുസരണം | എസ്. ആർ.ജി. ഗണിത ക്ലബ്ബ് | ഇല്ല |

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രലാബ് നവീകരിക്കൽ

**മേഖല /ഉപമേഖല: അക്കാദമികം, ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബ് നവീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ ഇനം തിരിച്ച് ക്രമീകരിക്കൽ | വർഷത്തി ലൊരു പ്രാവശ്യം | സയൻ സ് ക്ലബ്ബ് | ഇല്ല |

## പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ

**ഉപമേഖല : സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിതദിവ സങ്ങളിൽ | ആവശ്യാ നുസരണം | എസ്. ആർ.ജി | ഇല്ല |

പ്രവർത്തനത്തിന്റെ പേര് : ഗണിതലാബ് സജ്ജീകരിക്കൽ

**മേഖല /ഉപമേഖല: അക്കാദമികം, ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജീകരിക്കൽ, ലാബിൽ വച്ച്ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിത ക്ലബ്ബ് | ഇല്ല |

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രലാബ് നവീകരിക്കൽ

**മേഖല /ഉപമേഖല: അക്കാദമികം, ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബ് നവീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ ഇനം തിരിച്ച് ക്രമീകരിക്കൽ | വർഷത്തിലൊരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | ഇല്ല |

<u>പ്രവർത്തനത്തിന്റെ പേര്</u> : പഠനക്കൂട്ടങ്ങൾ

<u>മേഖല</u> : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം, പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം. ഓരോ ടേമിലും ഒന്നുവീതം അരദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്ക് വേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ്സും നടത്തൽ. | ഓരോ ടേമിലും ഒന്നു വീതം മിക വുകളുടെ അവതര ണം.ആഴ് ചയിൽ 1 ദിവസം പഠനക്കൂട്ടം | എസ് ആർ ജി, പി ടി എ. | |

<u>പ്രവർത്തനത്തിന്റെ പേര്</u> : യോഗ പരിശീലനകേന്ദ്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള ഒരു മുറി, ആവശ്യമായ ഉപകരണങ്ങളോടെ യോഗപരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ 1 വീതം | പി ടീ എ | |

**പ്രവർത്തനത്തിന്റെ പേര് :** മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര

**മേഖല :** സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക. | മികവാർന്ന വിവിധ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ, വർഷത്തിൽ | 1 പ്രാവശ്യം | പി ടി എ, എസ് ആർ ജി | |

**പ്രവർത്തനത്തിന്റെ പേര് :** വായനക്കൂട്ടം

**മേഖല :** സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ. | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ നാട്ടിലെ വായനാതല്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകളിൽ വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | |

**പ്രവർത്തനത്തിന്റെ പേര് :** ബയോഗ്യാസ് പ്ലാസ്

**ഉപമേഖല :** ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്ത ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | പി.റ്റി.എ. ഉച്ചഭക്ഷണകമ്മിറ്റി | 6 മാസം | 2 ലക്ഷം അനർട്ട് |

**പ്രവർത്തനത്തിന്റെ പേര്** : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ലോകത്തേക്ക് പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പ്രസിദ്ധീകരണങ്ങൾ, ഇയർ ബുക്കുകൾ, അറ്റ്ലസ്, ഭൂപടം, ഗ്ലോബ്, പസിലുകൾ എന്നിവ സജ്ജീകരിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | പി.ടി.എ, എസ്. ആർ.ജി. | |

**പ്രവർത്തനത്തിന്റെ പേര്** : ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർതികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്താപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ: പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും | എസ്. ആർ.ജി. | |

**പ്രവർത്തനത്തിന്റെ പേര് :** പോഷകാഹാര പരിപാടി

**ഉപമേഖല :** അക്കാദമികം,

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീര പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനുവച്ച് പോഷകാഹാരം നൽകൽ | ഓരോ ദിവസവും | | |

**പ്രവർത്തനത്തിന്റെ പേര് :** ജന്മദിനത്തിനൊരു പച്ചക്കറികിറ്റ്

**ഉപമേഖല :** അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉച്ചഭക്ഷണത്തിനായി പച്ചക്കറികിറ്റ് | ക്ലാസ്ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പച്ചക്കറികിറ്റ് സ്കൂളിലേക്ക് സംഭാവന ചെയ്യുന്നു. | എല്ലാം ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ | ഇല്ല |

**പ്രവർത്തനത്തിന്റെ പേര് :** പച്ചക്കറിത്തോട്ടം

**ഉപമേഖല :** അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷികാഭിവൃദ്ധിയെ വീണ്ടെടുക്കൽ. | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | വർഷത്തിൽ ഒരിക്കൽ | എസ്.ആർ.ജി, പി.ടി.എ. | |

**പ്രവർത്തനത്തിന്റെ പേര്** : ഇംഗ്ലീഷ് ഫെസ്റ്റ്

**മേഖല /ഉപമേഖല** : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ. | ഇംഗ്ലീഷിൽ വിവിധ പ്രവർത്തനങ്ങൾ നടത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി., പി.ടി.എ. | |

**പ്രവർത്തനത്തിന്റെ പേര്** : ഇംഗ്ലീഷ് അസംബ്ലി

**മേഖല/ ഉപമേഖല** : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കൽ, അധ്യാപകർ സന്ദേശം ഇംഗ്ലീഷിൽ നൽകൽ, ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതലകൾ നൽകൽ. | ആഴ്ചയിൽ 1 ദിവസം | ക്ലാസ്സ് ടീച്ചർ | |

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവല്ക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷ ഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്ര ഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ്. ഈ യജ്ഞത്തിൽ പങ്കാളി കളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷി ക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.
















OFFICE






GWLPS
പാങ്ങോട്
2023-2024
സംയുക്ത ഡയറി
മണിമുത്തുകൾ
ക്ലാസ് : 1, 2



